# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ - 260   08.02.2016-ൽ മറുപടിയ്ക്ക്

## ബ്ലേഡ് മാഫിയയുമായി ബന്ധപ്പെട്ട പോലീസ് റെയ്ഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ബ്ലേഡ് മാഫിയയുമായി ബന്ധപ്പെട്ടവരിൽ പോലീസ് റെയ്ഡുകളിലൂടെ അറസ്റ്റ് ചെയ്യപ്പെട്ടവർ എത്ര; അറസ്റ്റ് ചെയ്തവരിൽ എത്രപേരെ റിമാന്റ് ചെയ്യുകയുണ്ടായി;എത്ര ആളുകളുടെ പേരിൽ കോടതികളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്; ശിക്ഷിക്കപ്പെട്ടവർ എത്ര; | (എ) ബ്ലേഡ് മാഫിയയുമായി ബന്ധപ്പെട്ടവരിൽ പോലീസ് റെയ്ഡുകളിലൂടെ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം - 2594; അറസ്റ്റ് ചെയ്തവരിൽ റിമാന്റ് ചെയ്യപ്പെട്ടവരുടെ എണ്ണം - 1373; കോടതിയിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടവരുടെ എണ്ണം - 2459; അതിൽ ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം - 3. |
| (ബി) ബ്ലേഡ് മാഫിയകൾക്കെതിരെ പോലീസ് നടത്തിയ റെയ്ഡുകളിൽ കണ്ടെത്തിയ മൊത്തം തുക എത്ര കോടിയായിരുന്നു എന്നും ഇതിൽ എത്ര തുക തിരികെ നൽകുകയുണ്ടായി എന്നും അറിയിക്കാമോ; | (ബി) ബ്ലേഡ് മാഫിയകൾക്കെതിരെ പോലീസ് നടത്തിയ റെയ്ഡുകളിൽ കണ്ടെത്തിയ മൊത്തം തുക 4,94,71,715/-(നാലുകോടി തൊണ്ണൂറ്റി നാല് ലക്ഷത്തി എഴുപത്തൊന്നായിരത്തി എഴുന്നൂറ്റി പതിനഞ്ച്). തുക തിരികെ നൽകിയിട്ടില്ല. |
| (സി) പോലീസ് രജിസ്റ്റർ ചെയ്ത കേസുകളിൽ നാളിതുവരെ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ലാത്തവർ എത്രയാണെന്ന് അറിയിക്കാമോ; | (സി) പോലീസ് രജിസ്റ്റർ ചെയ്ത കേസുകളിൽ നാളിതുവരെ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ലാത്തവരുടെ എണ്ണം - 535. |
| (ഡി) ബ്ലേഡ് മാഫിയക്ക് ഒത്താശ ചെയ്തതിന്റെ പേരിൽ എത്ര പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ? | (ഡി) ബ്ലേഡ് മാഫിയക്ക് ഒത്താശ ചെയ്തതിന്റെ പേരിൽ 7 പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാനടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ